**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 - അന്തർജില്ലാസ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ.(പി) നം.36/91/പി&എ.ആർ.ഡി. തീയതി.02/12/1991.
2. ഉത്തരവ് നം.ഇജി2-40/2016/ആവഡ തീയതി.04/11/2019.
3. അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിനായി വിവിധ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ലഭിച്ച അപേക്ഷ

**ഉത്തരവ് നം.ഇജി 3-10388/2019/ആ.വ.ഡ. തീയതി:14/11/2019**

പരാമർശം(2) പ്രകാരം നടത്തിയ സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം(1)-ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം(3) പ്രകാരം ലഭിച്ചിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട് താഴെ പറയും പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | ജോലിയിൽ പ്രവേശിച്ച തീയതി | അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ശ്രീ.അബ്ദുൾ ജലീൽ കെ പി, പി.എച്ച്.സി. പാറക്കടവ്, എറണാകുളം | 21/05/2009 | പാലക്കാട് |
| 2 | ശ്രീ.നിഖിൽ ഫൽഗുനൻ പി.എച്ച്.സി. തുന്നേരി, കോഴിക്കോട് | 15/06/2009 | കണ്ണൂർ |
| 3 | ശ്രീ.സതി പി, പി.എച്ച്.സി. കാങ്കോൽ ആലപ്പടമ്പ്, കണ്ണൂർ | 28/10/2013 | കാസർഗോഡ് |
| 4 | ശ്രീ.ബാലകൃഷ്ണൻ പി.എച്ച്.സി. നാരങ്ങാനം പത്തനംതിട്ട | 06/06/2012 | കാസർഗോഡ് |

മേൽ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ പ്രസ്തുത ജില്ലയിലെ ഏറ്റവും ജൂനിയറായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

GOVERNMENT OF KERALA 2017-18
3251339

ഗ്രേഡ്-2 ജീവനക്കാരന്റെ/ജീവനക്കാരിയുടെ ജൂനിയറായി കണക്കാക്കേണ്ടതാണ്. കൂടാതെ സ്ഥാപനമേധാവികൾ അന്തർജില്ലാ സ്ഥലംമാറ്റമാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം നേടിയ കാര്യം ടി ജീവനക്കാരുടെ സേവപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥാപനമേധാവികള് പകരക്കാരെ കാത്തു നിൽക്കാതെ സ്ഥലംമാറ്റപ്പെട്ടിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, ജില്ലാ മെഡിക്കൽ ഓഫീസർമാര് അതാതു ജില്ലകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് അനന്തരാവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. മേൽ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. സെമീറ എ
അഡീഷണൽ ഡയറക്ടർ(എ&റ്റി)

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർ
2. സൂപ്രണ്ട്, ഇ.എസ്.സെക്ഷൻ (മേൽ ജീവനക്കാരുടെ സീനിയോരിറ്റി IDT Rules അനുസരിച്ച് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. ആരോഗ്യവകുപ്പ ഡയറക്ടറുടെ ഔദ്യോഗികവെബ് സൈറ്റ്.
4. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Nb 16/11/19

GOVERNMENT OF KERALA 2017-18
28511